(ഡി) മലബാർ മേഖലയിൽ പുതുതായി വൈദ്യുതി ലൈനുകൾ പല പ്രദേശങ്ങളിലും എത്തിക്കൊണ്ടിരിക്കുന്നതേയുള്ളൂ എന്നതിനാൽ അപേക്ഷകരുടെ എണ്ണം കൂടുതലാണ്. തെക്കൻ മേഖലകളിൽ നേരത്തെ തന്നെ വൈദ്യുതി ലൈനുകൾ കൂടുതൽ എത്തിയിട്ടുള്ളതിനാൽ അപേക്ഷകരുടെ എണ്ണം കുറവായാണ് കാണുന്നത്.

വ്യവസായ സ്ഥാപനങ്ങളിൽ നിന്നും വൈദ്യുതി കുടിശ്ശിക ഈടാക്കാൻ നടപടി

16 [1104] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിന് കുടിശ്ശികയായി ഒരു കോടിയിലധികം രൂപ നൽകാനുള്ള വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് അറിയിക്കാമോ ;

(ബി) ഈ സ്ഥാപനങ്ങൾ എന്നു മുതലാണ് കുടിശ്ശിക വരുത്തിയതെന്ന് വ്യക്തമാക്കാമോ ;

(സി) ഇവരിൽ നിന്ന് കുടിശ്ശിക ഈടാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കാമോ ;

(ഡി) ക്രമാതീതമായ കുടിശ്ശിക യഥാസമയം ഈടാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ആന്റ് (ബി) വൈദ്യുതി ബോർഡിന് കുടിശ്ശികയായി ഒരു കോടിയിലധികം രൂപ നൽകാനുള്ള വ്യവസായ സ്ഥാപനങ്ങളും കാലയളവും അനുബന്ധമായി ചേർക്കുന്നു. †

(സി) ആന്റ് (ഡി) കോടതിയിൽ നിലവിലുള്ള കേസുകൾ ഗവൺമെന്റ് തീരുമാനം, റവന്യൂ റിക്കവറി നടപടിക്രമങ്ങളിലെ കാലതാമസം തുടങ്ങിയവയാണ് കുടിശ്ശിക പിരിവിന് കാലതാമസം വരുത്തുന്നത്. ബോർഡിന്റെ ആവശ്യപ്രകാരം ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും ഇതനുസരിച്ച് സർക്കാർ കുടിശ്ശിക, വകുപ്പ് തിരിച്ച് ഈടാക്കാനുള്ള നടപടികൾ കൈക്കൊണ്ട് വരികയും ചെയ്യുന്നുണ്ട്. കോടതിയുടെ പരിഗണനയിലുള്ള ഉപഭോക്താക്കളുടെ കുടിശ്ശികകൾ വേഗത്തിൽ തീർപ്പാക്കാനായി സ്റ്റാന്റിംഗ് കൗൺസിലുമായി ഗവൺമെന്റ് തലത്തിൽ യോഗം നടത്തുകയും വേണ്ട നടപടികൾ കൈക്കൊള്ളുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി അദാലത്തുകൾ നടത്തുക, അർഹമായ അപേക്ഷ പരിഗണിച്ച് തവണകൾ നൽകുക എന്നിവയും ഇതിന്റെ ഭാഗമായി തുടർന്നു വരുന്നു. ഇതിനെല്ലാം ഉപരിയായി കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടികൾ വിവിധ തലത്തിൽ ഊർജ്ജിതമാക്കാൻ ഒരു കർമ്മ സേനയെ (ടാസ്ക് ഫോഴ്സ്) നിയമിച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly